മാധ്യമം

Sep 24, 2016

# സി.എം.എഫ്.ആർ.ഐയുടെ കൂടുമത്സ്യകൃഷി സംരംഭത്തിന് ദേശീയ അംഗീകാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സി.എം.എഫ്.ആർ.ഐ) വികസിപ്പിച്ച കൂടുമത്സ്യകൃഷി സമ്പ്രദായത്തിന് ദേശീയ അംഗീകാരം. സി.എം.എഫ്.ആർ.ഐയുടെ വെരാവൽ റീജനൽ സെൻററിന് കീഴിൽ നടന്ന കടൽ കൂടുകൃഷി സംരംഭത്തിൽ മികച്ച നേട്ടം കൈവരിച്ചതിന് ഗുജറാത്തിലെ സീദി ഗോത്രവിഭാഗത്തിലെ ഹസൻഭായി മുസംഗര ജുമാഭായിക്ക് വൈവിധ്യ കൃഷി രീതിക്കുള്ള രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ കൃഷിപുരസ്കാരം ലഭിച്ചതിലൂടെയാണ് ഈ നേട്ടം. നൂതന കൃഷിരീതികൾ പരീക്ഷിച്ച് മികവ് തെളിയിക്കുന്നവർക്ക് കേന്ദ്ര കാർഷികമന്ത്രാലയം നൽകുന്നതാണ് 50,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന ഈ പുരസ്കാരം.

2011ൽ സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച കൂടുമത്സ്യകൃഷി മാതൃക ഉപയോഗിച്ച് മത്സ്യോൽപാദന രംഗത്ത് മികച്ച നേട്ടം കൈവരിച്ച സഹകരണ ഫിഷറീസ് സംഘടനയായ ഭാരത് അദിംജുത് മത്സ്യോദ്യോഗ് മണ്ഡലിയുടെ തലവനാണ് ഹസൻഭായ്. സി.എം.എഫ്.ആർ.ഐ നൽകിയ ആറ് മീറ്റർ വ്യാസമുള്ള 22 കൂടുകൾ ഉപയോഗിച്ചാണ് ഹസൻഭായിയും സംഘവും മോത, കൊഞ്ച് എന്നിവയുടെ കൂടുകൃഷിയിൽ വൻ വിളവെടുപ്പ് നടത്തിയത്.

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് വൈവിധ്യവും ചെലവ് കുറഞ്ഞതുമായ മത്സ്യകൂടുകൃഷി മാതൃക സി.എം.എഫ്.ആർ.ഐ തീരദേശമേഖലകളിൽ ജനകീയമാക്കിയത്. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക സഹായത്തോടെ കടലിൽ 800ഓളം കൂടുകൃഷി സംരംഭങ്ങൾ നടക്കുന്നുണ്ട്.